LIBRARY ARCHIVES Kerala Legislative Assembly

പുലിയുടെ ആക്രമണം

219 (3326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കടപ്പാറയിലും സമീപപ്രദേശങ്ങളിലും പുലിയുടെ ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളെ പുലി കടിച്ചുകൊല്ലുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പ്രദേശവാസികളുടെ ഭീതി ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പുലിയെ പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കടപ്പാറയിലും സമീപ പ്രദേശങ്ങളിലും പുലിയുടെ ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി & ഡി) പുലിയെ പിടികൂടാനുള്ള കൂടുകൾ സ്ഥാപിക്കാനും പിടികൂടി ഉൾവനത്തിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ശ്രീമതി സുമയുടെ അപേക്ഷ

220 (3327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തൃശ്ശൂർ സെന്റർ സർക്കിളിന്റെ പരിധിയിൽ വരുന്ന ചാർപ്പ റെയിഞ്ചിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കി വരവെ 24-2-2010-ൽ അന്തരിച്ച റീനയുടെ മകൾ സുമയ്ക്ക് "സമാശ്വാസ തൊഴിൽദാന പദ്ധതി" പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;